**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5673** **24-03-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈക്കോ ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സപ്ലൈകോ ഔട്ട് ലെറ്റുകളിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ ചിലയിടത്ത് ഒന്നിലധികം ഔട്ട് ലെറ്റുകളുടെ ചാർജ് ഒരു സ്ഥിരം ജീവനക്കാരൻ തന്നെ വഹിക്കുമ്പോൾ അതിനു വിരുദ്ധമായി മറ്റ് ചില ഔട്ട് ലെറ്റുകളിൽ രണ്ട് സ്ഥിരം ജീവനക്കാരും ദിവസവേതനക്കാരും ജോലി ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തിരക്കുള്ള ഔട്ട് ലെറ്റുകളിൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഒരു റീജിയണിൽ അഞ്ച് വർഷത്തിലധികം ജോലി ചെയ്യുന്നവരെ പുനർവിന്യസിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (ബി) | തിരക്കുള്ള ഔട്ട് ലെറ്റുകളിൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. നിലവിൽ സപ്ലൈകോയിലെ ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റൻറ് തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. കൂടാതെ 2025 മാർച്ചിൽ 418 അസിസ്റ്റന്റ് സെയിൽസ്മാൻ ഒഴിവുകൾ PSC –ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഒരു റീജിയണിൽ അഞ്ച് വർഷത്തിലധികം ജോലി ചെയ്യുന്നവരെ പുനർവിന്യസിക്കുന്ന കാര്യം നടപ്പിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ